(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തുന്ന കമ്പ്യൂട്ടർ പഠന പദ്ധതികൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, എൻ.ഐ.എസ്., കെൽട്രോൺ, ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നിവവഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കമ്പ്യൂട്ടർ പഠന പദ്ധതിക്ക് താഴെപ്പറയുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്:

1. വിവര സാങ്കേതിക വകുപ്പിന്റെ കോഴ്സ് ഓൺ കമ്പ്യൂട്ടർ കൺസപ്റ്റ്സ് (CCC).
2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ അവയർനെസ്സ് പ്രോഗ്രാം (CAP).
3. സെന്റർ ഫോർ അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് എന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് ഇൻ ഓഫീസ് ആട്ടോമേഷൻ (C-DAC-PACE).
4. NCST എന്ന സ്ഥാപനത്തിന്റെ കോംപീറ്റൻസ് ഇൻ സോഫ്റ്റ്വെയർ ടെക്നോളജി ഇ-ലവൽ (CST-E Level).
5. NIIT യുടെ സിഫ്റ്റ് എംപ്ലോയീസ്.
6. APTECH-ന്റെ വിദ്യ.

(ബി) സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്.

(സി) 2005-2006-ൽ പുതിയ അക്രഡിറ്റേഷൻ നൽകുന്നതാണ്.

ലൈബ്രറി സെസ്സ് കുടിശ്ശിക ഈടാക്കുവാൻ നടപടി

41 [2386] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് പിരിക്കുന്നതിലും ലഭിച്ച തുക സർക്കാരിൽ അടയ്ക്കുന്നതിലും വീഴ്ച വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിൽ അടയ്ക്കാനുള്ള തുകയുടെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) സമയബന്ധിതമായി ലൈബ്രറി സെസ്സ് ഈടാക്കാനും തുക പൂർണ്ണമായും ഗ്രന്ഥശാലാ സംഘത്തിന് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ലൈബ്രറി സെസ്സ് അടയ്ക്കാൻ വീഴ്ചവരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് അടിയന്തിരമായി അടയ്ക്കുന്നതിന് വകുപ്പു മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

മരംകയറ്റത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

42 [2387] *ശ്രീ എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംകയറ്റത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) എത്ര രൂപയാണ് അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് തുകയായി നൽകുന്നത്;

(ഡി) എത്ര രൂപയാണ് പ്രീമിയമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അടയ്ക്കേണ്ടത്;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പ്രീമിയം അടപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 13-2-2001-ലെ സ.ഉ.(എംഎസ്.) 3/2001/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെങ്ങുകയറ്റത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പരിപാടി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly